*Malappuram District Police*

## 21.08.2017 പൂക്കോട്ടുംപാടം

ലഹരിമരുന്ന് കൈവശം വെച്ചതിനും ഉപയോഗിച്ചതിനും രണ്ട് യുവാക്കളെ പൂക്കോട്ടുംപാടം പോലീസ് പിടികൂടി. മഞ്ചേരി മുട്ടിപ്പാലം സ്വദേശി മങ്കരത്തൊടി മൻസൂർ അലി (32), ചോക്കാട് നീലാമ്പ്ര നൗഫൽ ബാബു (36) എന്നിവരാണ് പിടിയിലായത്. ആംഫിറ്റാമിൻ എന്ന ലഹരി പദാർഥമാണ് പിടികൂടിയത്. ഡി.ജെ പാർട്ടികളിലും മറ്റും ഉപയോഗിക്കുന്ന വിലകൂടിയ ലഹരിയാണിത്. മാരക വിഷമുള്ള ഈ പദാർഥം ഉപയോഗിക്കുന്നവരുടെ സുഷുംന നാഡിയെയാണ് ബാധിക്കുക.

ആംഫിറ്റാമിൻ ഗ്രാമിന് 5,000 രൂപക്ക് മുകളിലാണ് വില. ഉത്തർപ്രദേശിൽ നിന്ന് കാരിയർ വഴിയാണ് കേരളത്തിൽ എത്തുന്നതെന്നാണ് സൂചന. ശനിയാഴ്ച വൈകീട്ട് ആറരയോടെ അമരമ്പലം സൗത്ത് പാലത്തിന് സമീപം വാഹന പരിശോധനക്കിടെയാണ് പ്രതികളെ പിടികൂടിയത്. ഇവരിൽനിന്ന് ഒരു ഗ്രാം മയക്കുമരുന്ന് പിടിച്ചെടുത്തു. പിടിയിലായ മൻസൂർ എട്ടു വർഷവും നൗഫൽ ഒന്നര വർഷവും വിദേശത്ത് ജയിൽശിക്ഷ അനുഭവിച്ചവരാണ്.

പൂക്കോട്ടുംപാടം എസ്.ഐ അമൃത്രംഗൻ, സി.പി.ഒ-മാരായ പി. നിബിൻ ദാസ്, എസ്. അഭിലാഷ്, ജാഫർ, വിനീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. രണ്ട് മാസത്തിനിടെ പൂക്കോട്ടുംപാടം പോലീസ് പിടികൂടുന്ന 42-ാമത്തെ മയക്കുമരുന്ന് കേസാണിത്.